<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192</u> <u>11-10-2021 - ൽ മറുപടിയ്ക്ക്</u>

<u>സൗജന്യമായി കിറ്റ് വിതരണം ചെയ്ത വകയിൽ ചെലവഴിച്ച തുക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകെ റേഷൻ കടകൾ വഴി നാളിതുവരെ സൗജന്യമായി വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം എത്ര; | (എ) | കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി റേഷൻ കടകൾ വഴി നാളിതുവരെ 10,98,77,132 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. |
| (ബി) | ഇപ്രകാരം അഗതി, അനാഥ, വൃദ്ധജന മന്ദിരങ്ങളിൽ നേരിട്ടു വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ ; | (ബി) | ഇപ്രകാരം വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേ വാസികൾക്ക് 89741 കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | ആയതിലേയ്ക്കായി നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | (സി) | കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതു വരെ 5538.48 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | സാധനങ്ങൾ കിറ്റിൽ പായ്ക്ക് ചെയ്യാൻ ചെലവഴിച്ച തുക, പായ്ക്ക് ചെയ്ത സാധനങ്ങൾ സഞ്ചിയിൽ നിറയ്ക്കുന്നതിന് ചെലവഴിച്ച തുക, കിറ്റ് നൽകുന്ന സഞ്ചിക്കു ചെലവഴിച്ച തുക, റേഷൻ കടകളിൽ ഇവ എത്തിച്ചു നൽകാനുള്ള യാത്രാ ചെലവിന് ചെലഴിച്ച തുക, കയറ്റിറക്ക് ഇനത്തിൽ ചെലവഴിച്ച തുക എന്നിവ ഓരോന്നിനും എത്രകോടി രൂപ വീതമാണെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ ; | (ഡി) | കിറ്റിലുൾപ്പെട്ട ഇനങ്ങളിൽ ചാക്കുകളിൽ ലഭ്യമാകുന്നതും പായ്ക്ക് ചെയ്യേണ്ടി വരുന്നതുമായ ഇനങ്ങൾ പായ്ക്ക് ചെയ്ത് കിറ്റിലാക്കുന്നതിന് താഴെപ്പറയും പ്രകാരം പാക്കിംഗ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. ചാക്കുകളിൽ ലഭ്യമാകുന്ന ഇനങ്ങൾ നിർദ്ദിഷ്ട അളവിൽ തൂക്കി പായ്ക്ക് ചെയ്യുന്നതിന് (പാക്കറ്റ് ഒന്നിന്) 31.03.2021 വരെ : 1.40 രൂപ 01.04.2021 മുതൽ : 1.65 രൂപ കിറ്റിൽ ഉൾപ്പെട്ട എല്ലാ ഇനങ്ങളും കിറ്റിലാക്കി സീൽ ചെയ്യുന്നതിന് : 2.00 രൂപ ഇപ്രകാരം ഓരോ കിറ്റിലും ഉൾപ്പെട്ട ചാക്കുകളിൽ ലഭിച്ച പഞ്ചസാര, തുവരപ്പരിപ്പ്, ഉഴുന്ന്, കടല, ഉണക്കലരി മുതലായ ഇനങ്ങൾ പാക്ക് ചെയ്തതിന് മേൽ നിരക്കിൽ തൊഴിലാളികൾക്ക് പാക്കിംഗ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. കൂടാതെ കിറ്റ് വിതരണത്തിനായി ഏറ്റെടുത്ത ഗോഡൗണുകളുടെ വാടക, കയറ്റിറക്കു കൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ദിവസവേതന തൊഴിലാളികൾക്കുള്ള കൂലി എന്നിവയ്ക്കായി കിറ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ വിലയുടെ 10 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചിലവായി പ്രൊവിഷണലായി |

| | | | |
|---|---|---|---|
| | | | കണക്കാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള ചിലവുകൾ ആഡിറ്റ് പൂർത്തിയായതിനു ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. കിറ്റ് നൽകുന്ന തുണിസഞ്ചി ടെണ്ടർ മുഖേനയും കുടുംബശ്രീ മുഖേനയുമാണ് സപ്ലൈകോ വാങ്ങിയത്. തുണി സഞ്ചിയുടെ വില സഞ്ചിയൊന്നിന് 12 രൂപ നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ആവശ്യമായ തുണിസഞ്ചിക്ക് ഏകദേശം 132 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൃത്യമായ കണക്ക് ആഡിറ്റ് പൂർത്തിയായതിനു ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നാളിതുവരെ നൽകിയ തുക എത്രയാണ് ; ഇനി നൽകാനുള്ള തുക എത്രയാണ്; വ്യക്തമാക്കാമോ ; | (ഇ) | കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി ഭക്ഷ്യ കിറ്റ് വിതരണം ചെയ്ത വകയിൽ 2020 ഏപ്രിൽ, മെയ് മാസം വിതരണം ചെയ്ത 84,48,016 അതിജീവനകിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ 5,91,36,112/- രൂപ 05.08.20 നും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത 93,78,536 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 രൂപ നിരക്കിൽ 4,68,92,680/- രൂപ 26.02.2021 നും റേഷൻ വ്യാപാരികൾക്ക് കൈകാര്യച്ചിലവ് അനുവദിച്ച് നൽകിയിരുന്നു. ഒക്ടോബർ 2020 മാസം മുതൽ വിതരണം ചെയ്ത കിറ്റുകൾക്ക് കൈകാര്യച്ചിലവ് അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |
| (എഫ്) | ഇത്തരത്തിൽ റേഷൻ കടകൾ വഴിയുള്ള സൗജന്യ കിറ്റുവിതരണം തുടർന്നും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ? | (എഫ്) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ